14
ആഗസ്റ്റ് 2023
തിങ്കൾ
Pages- 5
Vol. 2 Issue 192

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

561



# അലബാമയിൽ ക്രിസ്തു സാക്ഷ്യവുമായി ഒരുമിച്ചു കൂടി യുവജനങ്ങൾ

'ജനറേഷൻ സി' എന്ന പേരിൽ അറിയപ്പെടുന്ന തലമുറ ക്രിസ്തു വിശ്വാസവുമായി ആരാധനയിൽ പങ്കെടുക്കാൻ വിമുഖത കാട്ടുന്നുവെന്ന റിപ്പോർട്ടിനെ ഖണ്ഡിക്കുന്നതാണ് മോഷൻ സ്റ്റുഡന്റ് കോൺഫറൻസിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം

## തന്റെ നേട്ടങ്ങളുടെ അടിസ്ഥാനം ക്രിസ്തു വിശ്വാസം: ആഞ്ചെലീന അമേരിഗോ

പേജ് 03



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 14 തിങ്കൾ



# നമ്മുടെ ഇന്ത്യ, നമ്മുടെ സ്വാതന്ത്ര്യം

നമ്മുടെ രാഷ്ട്രമായ ഭാരതം നാളെ എഴുപത്തി ഏഴാമത് സ്വാതന്ത്ര്യ ദിനം ആഘോഷിക്കുകയാണ്. രണ്ടു നൂറ്റാണ്ടിലധികം ബ്രിട്ടീഷുകാരുടെ അടിമത്വത്തിൻ കീഴിലായിരുന്ന ഒരു രാജ്യം അനേകമഹാരഥന്മാരുടെ ത്യാഗോജ്ജ്വല പോരാട്ടങ്ങളുടെ ഫലമായി സ്വാതന്ത്ര്യം നേടിയെടുത്തു . തുടർന്ന് കഴിഞ്ഞ 76 വർഷങ്ങളിലെ ചരിത്രം പരിശോധിച്ചാൽ നമ്മുടെ രാജ്യത്തിന് ഉണ്ടായ വളർച്ച അൽഭുതാവഹമാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത്, വിദ്യാഭ്യാസം, വാർത്താവിനിമയം, ഗതാഗതം, വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ നമ്മുടെ രാജ്യം വളരെ ഉയരങ്ങളിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തിൻറെ വളർച്ച ഓർത്ത് ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാവുന്ന നിമിഷങ്ങളാണ് കടന്നുപോകുന്നത്.

എന്നാൽ അതോടൊപ്പം തന്നെ വർഗീയ സംഘർഷങ്ങളും സ്ത്രീ പീഡനങ്ങളും ജാതിമത കലഹങ്ങളും ആൾക്കൂട്ടക്കൊലപാതകങ്ങളും മറ്റൊരുവശത്ത് അരങ്ങേറി കൊണ്ടിരിക്കുന്നു. ഈ സംഭവങ്ങളിലേക്ക് ഒന്ന് കണ്ണ് പായിക്കുമ്പോൾ നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളും ഒരുപോലെ സ്വാതന്ത്ര്യം ആസ്വദിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പലയിടങ്ങളിലും അരക്ഷിതാവസ്ഥ ഇന്നും നിലനിൽക്കുന്നു. ചിലയിടങ്ങളിൽ പട്ടിണികൊണ്ട് നവജാത ശിശുക്കൾ മരിക്കുന്നു, ദാരിദ്ര്യം, വിദ്യാഭ്യാസമില്ലായ്മ ഇവയെല്ലാം പലയിടത്തും ദൃശ്യമാണ്. ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും ഇഷ്ടമുള്ള ദൈവത്തെ ആരാധിക്കുവാനും നമ്മുടെ ഭരണഘടന അനുവദിക്കുന്നെങ്കിലും അതിനുപോലും സ്വാതന്ത്ര്യം ഇല്ലാത്ത ഒരു കൂട്ടം ആളുകളും നമ്മുടെ രാജ്യത്ത് ഉണ്ട്.

ആരാധന നടത്തിയതിന്റെ പേരിൽ അടികൊണ്ടവരും സുവിശേഷം പ്രസംഗിച്ചതിന്റെ പേരിൽ അപമാനിക്കപ്പെട്ടവരും ക്രിസ്തുവിനെ സ്വീകരിച്ചതിന്റെ പേരിൽ വീടും നാടും നഷ്ടപ്പെട്ടവരും; ഇവരെല്ലാം സ്വാതന്ത്ര്യത്തിന് അർഹരും അവകാശികളും ആണ്. പക്ഷേ പലപ്പോഴും അത് നിഷേധിക്കപ്പെടുന്നു എന്നത് വളരെ ദുഃഖകരമായ കാര്യമാണ്.

അഭിപ്രായം പറയാനും ഏതു മതത്തിൽ വിശ്വസിക്കാനും മാന്യമായ നിലയിൽ ജീവിക്കാനും ഭരണഘടന ഉറപ്പു തരുന്ന ഏത് സ്വാതന്ത്ര്യത്തിനും അർഹരാണ് ഇന്ത്യയിലെ ഓരോ പൗരനും. അത് നമ്മുടെ ഓരോരുത്തരുടെയും അവകാശമാണ്. അത് കവർന്നെടുക്കാൻ ആർക്കും അവകാശമില്ല, ആരെയും അനുവദിച്ചു കൂടാ.

ഈ സ്വാതന്ത്ര്യ ദിനത്തിൽ നമുക്ക് ഒരു തീരുമാനമെടുക്കാം; നമ്മൾ കാരണം ആരുടെയും സ്വാതന്ത്ര്യം പരിമിതപ്പെടുകയില്ല. ജാതി മത വർഗ്ഗ വർണ്ണ ചിന്തകൾക്ക് അപ്പുറമായി എല്ലാവരെയും നമുക്ക് ഒരുപോലെ കാണാം. മറ്റുള്ളവരുടെ ഉയർച്ചയാകട്ടെ നമ്മുടെ ചിന്ത. 'ഇന്ത്യ എൻറെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എൻറെ സഹോദരി സഹോദരന്മാരാണ്'



പാസ്റ്റർ അനു കോശി

# മണിപ്പൂരിൽ ഇന്റർനെറ്റ് വിലക്കിയിട്ട് 100 ദിനങ്ങൾ




ഇംഫാൽ: വർഗീയ കലാപം രൂക്ഷമായ മണിപ്പൂരിൽ ഇന്റർനെറ്റ് സേവനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ട് 100 ദിവസം പിന്നിട്ടു. കഴിഞ്ഞ ഓഗസ്റ്റ് പതിനൊന്നിന് സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധിച്ചിട്ട് നൂറ് ദിനങ്ങൾ പൂർത്തിയായിരിക്കുകയാണ്. ജൂലൈ 25ന് ഭാഗികമായി ഇന്റർനെറ്റ് സേവനങ്ങൾ പുനഃസ്ഥാപിക്കാൻ ഹൈക്കോടതി ഉത്തരവിട്ടെങ്കിലും മണിപ്പൂരിലെ ഭൂരിഭാഗം ജനതയ്ക്കും അതിന്റെ ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല.

ബ്രോഡ്ബാൻഡ് ഉപയോഗിക്കുന്നവർക്ക് മാത്രമായിരുന്നു ഇന്റർനെറ്റ് സേവനങ്ങൾ ഭാഗികമായെങ്കിലും ലഭ്യമായത്. ഇന്ത്യയിലെ ജനസംഖ്യയുടെ മൂന്ന് ശതമാനം മാത്രമേ ബ്രോഡ്ബാൻഡ് ഉപയോഗിക്കുന്നുള്ളൂ എന്നിരിക്കെയായിരുന്നു ഹൈക്കോടതി ഇത്തരത്തിലൊരു വിധി പുറപ്പെടുവിച്ചത്. ഈ ഉത്തരവ് എത്രകാലത്തേക്കാണെന്നതും കോടതി വ്യക്തമാക്കിയിരുന്നില്ല. ഇത് 2020ൽ ഭേദഗതി ചെയ്ത ടെലികോം സസ്പെൻഷൻ, 2017 ലെ ചട്ടം 2(2A)ന്റെ ലംഘനമാണെന്ന് ഇന്റർനെറ്റ് ഫ്രീഡം ഫൌണ്ടേഷൻ (ഐഎഫ്എഫ്) ഓഗസ്റ്റ് 11ന് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

## വൈദ്യുതി നിരക്ക് കൂട്ടേണ്ടിവരുമെന്ന സൂചന നൽകി മന്ത്രി കെ. കൃഷ്ണൻകുട്ടി

പാലക്കാട്: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് കൂട്ടേണ്ടിവരുമെന്ന സൂചന നൽകി വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി. വൈദ്യുതി ക്ഷാമത്തെത്തുടർന്ന് പുറത്തുനിന്ന് വൈദ്യുതി വാങ്ങാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉയർന്ന നിരക്ക് നൽകി വൈദ്യുതി വാങ്ങുമ്പോൾ സംസ്ഥാനത്തെ നിരക്ക് കൂട്ടേണ്ടിവരുമെന്ന് മന്ത്രി പറഞ്ഞു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത്തവണ മഴ കുറഞ്ഞതിനാൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി സംസ്ഥാനം നേരിടുന്നുണ്ട്. 30 ശതമാനത്തിൽ താഴെ മാത്രമാണ് ഡാമുകളിൽ വെള്ളം ഉള്ളത്. അത് വൈദ്യുതി ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതാണ് പരിഹാരമാർഗം. ജലവൈദ്യുത പദ്ധതികൾ നടപ്പായാൽ വൈദ്യുതി പുറത്തേക്ക് വിൽക്കാനാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. വൈദ്യുതി വാങ്ങുന്നത് ഉയർന്ന വില കൊടുത്താണെങ്കിൽ അത് ഗുണഭോക്താക്കളെ ബാധിക്കുമെന്നും അധികം വൈകാതെ ഇക്കാര്യത്തിൽ തീരുമാനമാകുമെന്നും മന്ത്രി പറഞ്ഞു.

## പി. വൈ. പി. എ. കൊട്ടാരക്കര മേഖലയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സമാധാന സന്ദേശ റാലി

കൊട്ടാരക്കര: വർദ്ധിച്ചു വരുന്ന മദ്യത്തിന്റെയും മയക്ക്മരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണവും മണിപ്പൂരിൽ നടക്കുന്ന നരഹത്യയ്ക്ക് എതിരെ പ്രതിക്ഷേധവുമായി ആയൂർ മുതൽ കൊട്ടാരക്കര വരെ സമാധാന സന്ദേശവുമായി കൊട്ടാരക്കര മേഖലാ പി. വൈ. പി. എ.
ആഗസ്റ്റ് 15 രാവിലെ 8:30 ന് ആയൂർ നിന്നും ഐ. പി. സി. ആയൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ സണ്ണി ഏബ്രഹാം ഫ്ളാഗ് ഓഫ് ചെയ്യുന്ന റാലി അഞ്ചൽ, പുനലൂർ, പത്തനാപുരം വഴിയായി വൈകിട്ടോടെ കൊട്ടാരക്കരയിൽ എത്തിച്ചേർന്ന് ഐ. പി. സി. ബേർശേബ സഭാ ഗേറ്റിന് മുന്നിൽ നടക്കുന്ന സമാപന സമ്മേളനത്തോടെ സമാപിക്കും. കേരളാ സ്റ്റേറ്റ് പി. വൈ. പി. എ. പ്രസിഡന്റ് ഇവാ: ഷിബിൻ ജി. സാമുവൽ സമാപന സന്ദേശം നൽകും

## വർഷിപ്പ് നൈറ്റ്

കാനഡ (ടൊറോന്റോ) : അഹവാ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 16ന് വർഷിപ്പ് നൈറ്റ്. Unit:10, 705 പ്രോഗ്രസ്സ് അവന്യൂ, സ്കാർബറോ, ഒന്റാറിയോയിൽ വർഷിപ്പ് നൈറ്റ് നടക്കും. വൈകിട്ട് 7 മണിക്ക് ആരംഭിക്കുന്ന ആരാധനയ്ക്ക് ഇമ്മാനുവേൽ കെ. ബി. നേതൃത്വം നൽകും. പാസ്റ്റർ സതീഷ് ഫിലിപ് (എറണാകുളം) ദൈവവചനം ശുശ്രൂഷിക്കും.

## ക്രിസ്ത്യൻ പ്രസ്സ് ക്ലബ്ബ് ഉത്ഘാടനവും കുടുംബ സംഗമവും

വലിയങ്ങാടി :കുന്നംകുളം പ്രെയർ പാർട്ട്നേഴ്സ് ചെയിൻ (പി പി സി) ന്റെ ആഭിമുഖ്യത്തിൽ ക്രിസ്ത്യൻ പ്രസ്സ് ക്ലബ്ബിന്റെ ഉത്ഘാടനവും കുടുംബ സംഗമവും, നാളെ ഉച്ച കഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ കുന്നംകുളം കൊള്ളന്നൂർ വലിയങ്ങാടി ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. പി പി സി ജനറൽ പ്രസിഡന്റ് ബ്രദർ എം ഐ കുഞ്ഞൻ അദ്ധ്യക്ഷത വഹിക്കും. റവ: ജയ് മാത്യൂ ഉത്ഘാടനം നിർവഹിക്കും. പാസ്റ്റർ സജു ചാത്തന്നൂർ വചനം പ്രസംഗിക്കും. പി പി സി എക്സിക്യൂട്ടിവ്സ് നേതൃത്വം നൽകും.

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR<br>Back – 4000 INR<br>Inside- 3000 INR | Front - 1250 INR<br>Back - 1000 INR<br>Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR<br>Back- 2000 INR<br>Inside -1500 INR | Front - 750 INR<br>Back - 500 INR<br>Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.


+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# അലബാമയിൽ ക്രിസ്തു സാക്ഷ്യവുമായി ഒരുമിച്ചു കൂടി 11000 യുവജനങ്ങൾ

അലബാമ: അമേരിക്കയിലെ അലബാമ സംസ്ഥാനത്തെ ബിർമിങ്ഹാമിൽ സ്തുതിയും ആരാധനകളുമായി ഒരുമിച്ച് കൂടി പതിനൊന്നായിരം യുവജനങ്ങൾ. 6 രാജ്യങ്ങളിൽ നിന്നും, 31 സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇത്രയധികം ആളുകൾ 'മോഷൻ സ്റ്റുഡന്റ് കോൺഫറൻസ്' എന്ന യുവത്വത്തിന്റെ ഒത്തുചേരലിൽ പങ്കെടുക്കാൻ എത്തിയത്. രണ്ടായിരത്തോളം വോളണ്ടിയറുമാരുടെ സജീവ സേവനം ഇവർക്ക് ഉണ്ടായിരുന്നു. 'ചർച്ച് ഓഫ് ദ ഹൈലാൻഡ്സ്' എന്ന കൂട്ടായ്മയാണ് കോൺഫറൻസിന്റെ സംഘാടകർ. പ്രസംഗങ്ങളും, ആരാധന ഗീതങ്ങളും കോൺഫറൻസിൽ നടന്നു.

ഈ കാലഘട്ടത്തിലെ വിദ്യാർത്ഥികൾ യേശു ക്രിസ്തുവിൽ തീക്ഷ്ണതയുള്ളവരാണെന്നും അവർ യേശുവിന്റെ സ്നേഹത്തിനു വേണ്ടി ആഗ്രഹിക്കുകയാണെന്നും ഹൈലാൻഡ്സ് കോളേജിന്റെ അധ്യക്ഷനും വചനപ്രഘോഷകനുമായ മാർക്ക് പെറ്റൂസ് പറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ എണ്ണം 18% വർദ്ധിച്ചുവെന്നാണ് കണക്ക്. 'ജനറേഷൻ സി' എന്ന പേരിൽ അറിയപ്പെടുന്ന തലമുറ ക്രിസ്തു വിശ്വാസവുമായി ആരാധനയിൽ പങ്കെടുക്കാൻ വിമുഖത കാട്ടുന്നുവെന്ന റിപ്പോർട്ടിനെ ഖണ്ഡിക്കുന്നതാണ് മോഷൻ സ്റ്റുഡന്റ് കോൺഫറൻസിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം.



## ഐ.പി.സി.എൻ.ആർ സെൻട്രൽ സോൺ പി.വൈ.പി.എ ഏകദിന യൂത്ത് ക്യാമ്പ്: 'എറൈസ് 2023'

ന്യൂഡൽഹി: ഐ.പി.സി നോർത്തേൺ റീജിയൺ സെൻട്രൽ സോൺ പി.വൈ.പി.എ യുടെ നേതൃത്വത്തിൽ ആഗസ്റ്റ് 15 ചൊവ്വാഴ്ച 'എറൈസ് 2023' എന്ന പേരിൽ ഏകദിന ക്യാമ്പ് നടത്തപ്പെടുന്നു. രാവിലെ 9:30 മണി മുതൽ വൈകുന്നേരം 4:30 മണി വരെ രോഹിണി സെക്ടർ 8 ലുള്ള ഐ.പി.സി എൻ.ആർ സഭാഹാളിൽ വെച്ചാണ് ക്യാമ്പ് നടത്തപ്പെടുന്നത്. ഗാനശുശ്രൂഷ, വചനധ്യാനം, ചോദ്യോത്തര വേള തുടങ്ങി വിവിധ സെക്ഷനുകൾ ആയിട്ടാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. പാസ്റ്റർ. കിരൺ ഈ ക്യാമ്പിൽ മുഖ്യ സന്ദേശം നൽകുന്നതായിരിക്കും. സിസ്റ്റർ. മൻപ്രീത് കിരണും ഐ.പി.സി.എൻ.ആർ സെൻട്രൽ സോൺ പി.വൈ.പി.എ ക്വയറും ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സെൻട്രൽ സോൺ പി.വൈ.പി.എ ഭാരവാഹികളായ പാ. ഡേവിഡ് ഭരദ്വാജ്, ബ്ര.ആശിഷ്, ബ്ര.പോൾസൺ തുടങ്ങിയവർ ക്യാമ്പിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.

## നിത്യതയിൽ



പ്രെസ്റ്റൺ : കോട്ടയം കറുകച്ചാൽ സ്വദേശി തട്ടാരടിയിൽ വി ജെ വർഗീസ് (75 വയസ്സ്) നിര്യാതനായി.മകനേയും കുടുംബത്തേയും കാണാൻ പ്രസ്റ്റണിലെത്തിയ വർഗീസ് കഴിഞ്ഞ ഒരു മാസമായി അസുഖം ബാധിച്ച് ചികിത്സയിലായിരുന്നു. ഭാര്യ മറിയക്കുട്ടി. മക്കൾ ദിപിൻ , ദീപ. മരുമക്കൾ : ഷിജോ പടന്നമാക്കൽ (എരുമേലി), റ്റെസ്സാ മരിയ വർഗീസ്. കൊച്ചുമക്കൾ : മിലു, മിലൻ, മിലി, ശ്യാമിലി.

## സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണം ആരംഭിച്ചു

തിരുവനന്തപുരം:സംസ്ഥാനത്ത് സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ വിതരണം തുടങ്ങി. ഓണത്തോടനുബന്ധിച്ച് രണ്ടുമാസത്തെ പെൻഷനാണ് വിതരണം ചെയ്യുന്നത്. 60 ലക്ഷത്തിൽപരം പേർക്ക് 3200 രൂപവീതമാണ് ലഭിയ്ക്കുക. ഓണത്തോടനുബന്ധിച്ച് രണ്ടുമാസത്തെ ക്ഷേമപെൻഷനാണ് വിതരണം തുടങ്ങിയത്.സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി 1,550 കോടി രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിനായി 212 കോടി രൂപയുമുൾപ്പെടെ 1,762 കോടി രൂപയാണ് ധനവകുപ്പ് അനുവദിച്ചത്.

## വൈപിസിഎ ജനറൽ ക്യാമ്പ് ചെങ്ങന്നൂരിൽ

ചെങ്ങന്നൂർ :ന്യൂ ഇന്ത്യ ദൈവ സഭയുടെ പുത്രിക സംഘടനയായ വൈ പി സി എ ജനറൽ ക്യാമ്പ് ചെങ്ങന്നൂർ പ്രൊവിഡൻസ് എൻജിനിയറിംഗ് കോളേജിൽ വെച്ച് ആഗസ്റ്റ് 28, 29, 30 തീയതികളിൽ നടത്തപ്പെടുന്നു. 28-ാം തീയതി രാവിലെ 10:30 ന് ചകഇഛഏ ജനറൽ പ്രസിഡന്റ് പാസ്റ്റർ ആർ എബ്രഹാം ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ . പാസ്റ്റർമാരായ ബിജുതമ്പി (NICOG ജനറൽ സെക്രട്ടറി) റ്റി എം കുരുവിള (NICOG സ്റ്റേറ്റ് പ്രസിഡന്റ്) ബോബൻ തോമസ് (NICOG സ്റ്റേറ്റ് സെക്രട്ടറി), ബിനു തമ്പി, രജ്ജിത്ത് എബ്രഹാം, പ്രിൻസ് തോമസ്, അനീഷ് തോമസ്, ഷിബു മാത്യൂ, മനോജ് എബ്രഹാം ഐ പി എസ്, ഡോ നിഖിൽ എബ്രഹാം, ഡോ സുമ, പാസ്റ്റർ സുജിത്ത് എം സുനിൽ,ബ്രദർ അനിൽകുമാർ അയ്യപ്പൻ എന്നിവർ ക്ലാസുകൾ നയിക്കും. വൈ പി സി എ യുടെ ഭാരവാഹികൾ ക്യാമ്പുമായി ബന്ധപ്പെട്ട് വിപുലമായ ഡിപ്പാർട്ട്മെന്റ് രൂപികരിച്ച് അതിന്റെ ചെയർമാൻമാരും അവരോട് ചേർന്ന് ഒരു ടീം തന്നെ പ്രവർത്തിക്കുന്നതാണ്. പ്രാർത്ഥന പാസ്റ്റർ ഷൈജൻ, ക്വയർ ലോഡ്സൺ ആന്റണി രജിസ്ട്രേഷൻ മോൻസി തോമസ്, ഫിനാൻസ് ബ്രദർ സിബി കുര്യൻ , പ്രോഗ്രാം സിബി മാത്യൂ, ട്രാൻസ്പോർട്ടേഷൻ പാസ്റ്റർ പ്രിൻസ് തോമസ് റാന്നി, വോളന്റിയർ പാസ്റ്റർ ലിജോ ജോസഫ്, അക്കോമിഡേഷൻ പാസ്റ്റർ മെൽവിൻ ജോയി, ലേഡീസ് അക്കോമഡേഷൻ ഫേബ, ഭക്ഷണം പാസ്റ്റർ ഷിബു മാത്യൂ, സൗണ്ട് & ലൈറ്റ് പാസ്റ്റർ രാജേഷ് . എല്ലാ സെന്റർ, മീഡിയ ഫെബിൻ, പബ്ലിസിറ്റി ബിജേഷ് തോമസ്. സെക്രട്ടറിമാരും, റീജിണൽ സെക്രട്ടറിമാരും വോളണ്ടിയേഴ്സ് ടീമിൽ ഉണ്ടായിരിക്കുന്നതാണ്.

## തന്റെ നേട്ടങ്ങളുടെ അടിസ്ഥാനം ക്രിസ്തു വിശ്വാസം: ആഞ്ചെലീന അമേരിഗോ

മിന്നെസോട്ട: തന്റെ നേട്ടങ്ങളുടെ അടിസ്ഥാനം ക്രിസ്തു വിശ്വാസമാണെന്ന സാക്ഷ്യവുമായി അമേരിക്കയിലെ മിന്നെസോട്ട സംസ്ഥാനത്തെ സൗന്ദര്യ റാണി ആഞ്ചെലീന അമേരിഗോ. സമീപകാലത്ത് പങ്കെടുത്ത ഒരു റേഡിയോ ഷോയിലൂടെയാണ് താരം തന്റെ ക്രിസ്തു വിശ്വാസം പങ്കുവെച്ചത്. 'ഞാനെന്താണ് ചെയ്യുന്നത്? ഞാനെങ്ങനേയാണ് ഇത് ചെയ്യുന്നത്? എന്നു ഞാൻ സ്വയം ചോദിക്കാറുണ്ടെന്നും മറ്റുള്ളവരേക്കാളും ഒരു പടി മുന്നിൽ ദൈവം തന്നെ നയിക്കുമെന്ന് വിശ്വസിക്കുകയാണെന്നും നേട്ടങ്ങളുടെ പിന്നിൽ കർത്താവാണെന്നും ആഞ്ചെലീന പറഞ്ഞു.

സൗന്ദര്യ മത്സരങ്ങളെക്കുറിച്ചും, തന്റെ വിശ്വാസത്തിൽ താൻ എങ്ങിനെ വേരൂന്നിയിരിക്കുന്നു എന്നതിനെക്കുറിച്ചും അവതാരകനായ പാട്രിക് കോൺലിയുമായി ചർച്ച ചെയ്യുവാൻ 'പ്രാക്ടീസിംഗ് കാത്തലിക്' എന്ന റേഡിയോ ഷോയിലാണ് ആഞ്ചെലീന പങ്കെടുത്തത്. മിസ് അമേരിക്ക ഓർഗനൈസേഷനിലേക്ക് ശരിക്കും ആവേശകരമായ ഒരു യാത്രയായിരുന്നുവെന്ന് ആഞ്ചെലീന പറഞ്ഞു. ആ യാത്രയിലുടനീളം എന്റെ ക്രൈസ്തവ വിശ്വാസം എന്നോടൊപ്പം ഉണ്ടായിരുന്നു. നമ്മെ നല്ലവണ്ണം നോക്കുന്ന ഉത്തരവാദിത്തമുള്ള ഒരു സമൂഹത്തോടൊപ്പം ചേർന്ന് നിൽക്കുകയാണ് ദൈവ വിശ്വാസത്തിൽ വേരൂന്നിയിരിക്കുവാനുള്ള ഒരു മാർഗ്ഗമെന്നും ആഞ്ചെലീന പറഞ്ഞു. വെയ്സാറ്റയിലെ സെന്റ് ബർത്തലോമിയോ ഇടവകാംഗമായ ആഞ്ജലീന അമേരിഗോ ഇക്കഴിഞ്ഞ ജൂണിലാണ് മിസ് മിന്നെസോട്ടയായി കിരീടമണിഞ്ഞത്. ജനുവരിയിൽ നടക്കുന്ന മിസ് അമേരിക്ക മത്സരത്തിൽ താരം സംസ്ഥാനത്തെ പ്രതിനിധീകരിക്കും.



# വിശ്വാസജ്വലനം





Rittu jijo

മനുഷ്യ ജീവിതത്തിൽ വരുന്ന ഏത് കഷ്ടങ്ങളിലും പിടിച്ചു നിൽക്കുമാറാക്കുന്നത് ദൈവത്തിലുള്ള വിശ്വാസവും അമർത്യതയിലുള്ള പ്രത്യാശയുമാണ്. ഒരു വേള പ്രതീക്ഷകൾ അസ്തമിച്ചവരുടെ നടുവിലാണ് ഞാനും നിങ്ങളും ആയിരിക്കുന്നത്. ഞരക്കത്തിന്റെയും, വേദനയുടെയും തീച്ചൂളയിൽ കഴിയുന്നവർ അനേകരാണല്ലോ. എന്നാൽ ഒരു കാര്യം സത്യമാണ്, ഒരു ദൈവീക സ്പർശനത്തിന് വേണ്ടി മനസ്സും ശരീരവും സജ്ജമാക്കി വിശ്വാസത്തിന്റെ കരം നീട്ടുവാൻ നാം തയ്യാറായാൽ, പരിഹരിക്കുവാൻ അസ്സാധ്യമെന്ന് കരുതുന്ന ഏതൊരു പ്രശ്നത്തെയും ഒരു നോട്ടത്തിലൂടെയോ, സ്പർശനത്തിലൂടെയോ, വാക്കിലൂടെയോ ഒരു നിമിഷാർദ്ധംകൊണ്ട് പരിഹരിക്കുവാൻ ദൈവത്തിന് കഴിയും.

ദൈവമല്ലാതെ മറ്റൊന്നുമില്ല എന്നതാണ് വിശ്വാസത്തിന്റെ ആഴം. വെറും ഉപദേശപരമായിട്ടോ, വേദശാസ്ത്ര പരമായിട്ടോ ദൈവത്തെ കാണുന്നതിന് അപ്പുറമായ ഒന്നാണ് ദൈവീക വിശ്വാസം. നമ്മുടെ വിശ്വാസ പ്രഖ്യാപനങ്ങളിലൂടെയുള്ള കാൽവെയ്പുകളിൽ അസാധ്യതതകളുടെ വൻ മലകൾ വഴിമാറിപ്പോകും. സ്വന്ത കഴിവുകൾക്ക് അതീതമായി ദൈവപ്രവർത്തിക്കുള്ള താത്പര്യവും, വിശ്വാസവും നമ്മളിൽ ഓരോരുത്തരിലും ഉണ്ടാകേണ്ടതാണ്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് നമ്മെ കരുത്തരാക്കി മാറ്റുന്നത്.

മുഴുലോകത്തിന്റെയും ഉത്ഭവം, കാണപ്പെടാത്ത ദൈവവചനത്താൽ ആണ് എന്ന് വിശ്വാസം തെളിയിക്കുന്നു. പലപ്പോഴും നാം ഇങ്ങനെ പറയാറുണ്ട്... ദൈവം എന്നെ സൗഖ്യമാക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ, രോഗാവസ്ഥയിലായിരിക്കുന്ന ഒരു ദൈവപൈതലിൻെറ പ്രത്യാശയാണിത്. ദൈവം നാളെ എന്നെ സൗഖ്യമാക്കുമെന്നുള്ള ഏറിയ പ്രത്യാശ. ഇവിടെ വിശ്വാസം അല്ല പ്രതിഫലിക്കപ്പെടുന്നത്. കാരണം, വിശ്വാസം നാളേക്കുള്ളതല്ല, വിശ്വാസം ഇന്നത്തേക്കുള്ളതാണ്. വിശ്വാസം എന്നത് ഭാവിയിൽ നടക്കും എന്ന പ്രതീക്ഷയാണങ്കിൽ നാം പ്രത്യാശയെ വിശ്വാസത്തിനു പകരമായി കാണുകയാണ്. തിരുവചനം പ്രസ്താവിക്കുന്നു.. 'അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ എന്നാൽ അത് നിങ്ങൾക്കുണ്ടാകും' (Mark 11:24). വിശ്വാസത്താൽ ലഭിച്ചു എന്ന് വിശ്വസിച്ചു പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ സമയത്ത് തന്നെ യഥാർത്ഥമായും നമുക്ക് അത് ലഭിക്കുവാനിടയാകും. ദൈവത്തെ വിശ്വസിക്കുക, ദൈവത്തിലും വിശ്വസിക്കുക. ഒരു പക്ഷെ നമ്മുടെ പാതയിൽ മാർഗ്ഗതടസ്സം വന്നേക്കാം. ലക്ഷ്യത്തിൽ എത്തും മുൻപേ ആശാഭംഗം സംഭവിക്കുമോ എന്ന് തോന്നിയേക്കാം. എന്നാൽ ദൈവം എല്ലാ പ്രതികൂലങ്ങളും മാറ്റി ദൈവീക പാതയിൽ കൂടി നടത്തുവാൻ ശ്കതനാണ് എന്ന് നാം വിശ്വസിക്കണം. ദൈവകല്പിതമായ നമ്മുടെ അധികാരത്തെ വിശ്വാസത്തോടെ യഥോചിതം ഉപയോഗിക്കണമെന്ന് ബൈബിളിൽ കാണുവാൻ കഴിയുന്നു.

നൈൽ നദിയിലെ വെള്ളത്തിന്മേൽ വടികൊണ്ടടിപ്പാൻ ദൈവം മോശയോട് കല്പിച്ചു. തന്മൂലം വെള്ളം രക്തമായി മാറി. വടിയോടുകൂടിയ അവന്റെ കൈ ആകാശത്തേക്ക് നീട്ടിയ സമയം കൽമഴ പെയ്തു. അങ്ങനെ നിരവധി അത്ഭുതങ്ങൾ കണ്ട മോശ ചെങ്കടൽ കരയിൽ വന്നപ്പോഴും യഹോവയോട് പ്രാർത്ഥിച്ചു. അപ്പോൾ യഹോവ കല്പ്പിച്ചു 'നീ എന്തിനു എന്നോട് കരയുന്നു കടലിന്മേൽ വടി നീട്ടു' മോശ അപ്രകാരം ചെയ്തു. ആ നിമിഷം ചെങ്കടലിലെ വെള്ളം ചിറപോലെ നിന്നു. ജനം ഉണങ്ങിയ നിലത്തുകൂടി മറുകര ചെന്നെത്തുകയും ചെയ്തു. ദൈവം തന്റെ ജനത്തിന് അധികാരം നൽകിയിരിക്കുമ്പോൾ, ദൈവീക കല്പനക്കായി ശ്രദ്ധിക്കേണ്ടതിനു പകരം വീണ്ടും ദൈവത്തോട് കരയുന്നത്, വിശ്വസ കുറവായയാണ് വിരൽ ചൂണ്ടപ്പെടുന്നത്. ദൈവീക വാഗ്ദത്തങ്ങൾ നമുക്കുള്ളവയാണ്. ഒരുപക്ഷെ ജീവിത യാത്രയിൽ, നമ്മുടെ മുൻപിൽ കാണുന്ന പർവ്വത സമാനമായ പ്രശ്നങ്ങൾ നമ്മെ ആശങ്കപ്പെടുത്തിയിരിക്കാം. എന്നാൽ ദൈവത്തിന് അത് ഒരു തടസ്സ വിഷയമല്ല. നമ്മുടെ മുൻപിലുള്ള പ്രശ്നങ്ങളെ ഭയത്തോടെ നോക്കരുത്. പ്രത്യുതാ യേശുവിന്റെ സമീപേ ഇരുന്നു കൊണ്ട് അതിനെ ആ പാദാരബിന്ദങ്ങളിൽ സമർപ്പിക്കുക. പലപ്പോഴും നമ്മുടെ മുൻപോട്ടുള്ള ചുവടുകളെ ഉറപ്പിക്കാതെവണ്ണം സാത്താൻ നമ്മളിൽ സംശയത്തിന്റെ വിത്ത് ഇടാറുണ്ട്. എന്നാൽ തോറ്റ സാത്താന്റെ ഇരിപ്പിടം ദൈവത്തിൻെറ കാൽക്കീഴിലാണ്. 'സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽകീഴേ ചതച്ചു കളയും'(Rom 16:20,). ക്രൂശിങ്കൽ പരാജിതനാണ് സാത്താൻ. എന്നെന്നേക്കുമായി പരാജയം ഏറ്റുവാങ്ങിയവൻ. നമ്മുക്കെതിരെ നിൽക്കുന്ന സാത്താന്റെ കോട്ടയിലേക്ക് ഇറങ്ങി ചെന്ന് യേശുവിന്റെ നാമത്തിലും, വിശ്വാസത്തിലും അവന്റെ കോട്ടയെ തകർക്കുക.

## ആഭ്യന്തരയുദ്ധം : നൈജറിൽ കുടുങ്ങിക്കിടക്കുന്നത് മലയാളികളുൾപ്പെടെ മുന്നൂറിലധികം ഇന്ത്യക്കാർ




നൈജർ :ആഭ്യന്തര പ്രശ്നങ്ങൾ രൂക്ഷമായ നൈജറിൽ കുടുങ്ങിക്കിടക്കുന്നത് 350 ഓളം ഇന്ത്യക്കാർ. സൈനിക അട്ടിമറിക്ക് പിന്നാലെ കലാപം അതിരൂക്ഷമായതോടെ രാജ്യത്ത് നിന്നും വിദേശ പൗരൻമാർ ഭൂരിഭാഗവും സ്വന്തം നാടുകളിലേക്ക് മടങ്ങി. എന്നാൽ ഇന്ത്യക്കാരും കുറച്ച് തുർക്കി പൗരന്മാരും മാത്രമാണ് കുടുങ്ങിക്കിടക്കുന്നതെന്ന് റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ സ്ഥിതിഗതികൾ ശാന്തമാണ്. എന്നാൽ റഷ്യയുൾപ്പെടെ വിദേശ രാജ്യങ്ങളുടെ ഇടപെടൽ ഉണ്ടായാൽ സാഹചര്യങ്ങൾ രൂക്ഷമായേക്കുമെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളും കുട്ടികളും ഒരു ഗർഭിണിയും ഉൾപ്പെടെയുള്ള ഇന്ത്യക്കാരാണ് നിലവിൽ രാജ്യത്തുള്ളത്. ഇന്ത്യയുടെ രക്ഷാദൗത്യത്തിനായി കാത്തിരിക്കുകായിരുന്നു ഇത്രയും സമയം. തിങ്കളാഴ്ച്ചയോടെ സമീപ രാഷ്ട്രമായ ബെനീനിലേക്ക് നീങ്ങാനാണ് പദ്ധതി. എന്നാൽ 900 കിലോമീറ്റർ അകലെയുള്ള ഈ പ്രദേശത്തേയ്ക്കുള്ള യാത്ര തീർത്തും അപകടകരമാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു. കലാപം ശക്തമാകുന്ന സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യമായ നൈജറിൽ നിന്ന് ഇന്ത്യക്കാർ മടങ്ങിവരണമെന്ന് നേരത്തെ വിദേശകാര്യ വക്താവ് അരിന്ദം ബാഗ്ചി ആവശ്യപ്പെട്ടിരുന്നു. കലാപത്തിന്റെ പശ്ചാത്തലത്തിൽ നൈജർ വ്യോമപാതകൾ അടച്ചതിനാൽ കരമാർഗം മാത്രമേ യാത്ര ചെയ്യാനാവൂ. സ്ഥിതിഗതികൾ സർക്കാർ നിരീക്ഷിച്ചുവരികയാണെന്നും അദ്ദേഹം കഴിഞ്ഞ ദിവസം ചൂണ്ടിക്കാട്ടിയിരുന്നു. പിന്നാലെയാണ് കുടുങ്ങിക്കിടക്കുന്നവരുടെ പ്രതികരണം പുറത്തുവരുന്നത്. അതേസമയം, നൈജറിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ളവരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുള്ള ഇടപെടലുകൾ തുടരുകയാണെന്ന് നോർക്ക റൂട്ട്സ് അറിയിച്ചു.

അതേസമയം സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പ്രസിഡന്റ് മുഹമ്മദ് ബസൂമിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ് അട്ടിമറി പക്ഷ നേതാക്കൾ. രാജ്യദ്രോഹ നടപടികൾക്കും രാജ്യത്തിന്റെ സുരക്ഷയെ തുരങ്കം വച്ചതിനും മുഹമ്മദ് ബസൂമിനെ 'പ്രോസിക്യൂഷൻ നടപടികൾക്ക് വിധേയനാക്കുമെന്നാണ് സർക്കാരിനെ അട്ടിമറിച്ച പക്ഷത്തിന്റെ നിലപാട്. ഇതിനിടെ സർക്കാരിനെ പുറത്താക്കിയതിന് പിന്നാലെ സൈനിക ജനറൽ അബ്ദൗറഹ്മാൻ ചിയാനി നൈജറിന്റെ തലവനായി സ്വയം പ്രഖ്യാപിച്ചിരുന്നു. അധികാരഭ്രഷ്ടരായ പ്രസിഡന്റിനും അദ്ദേഹത്തിന്റെ പ്രാദേശിക, വിദേശ കൂട്ടാളികളെയും ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾക്ക് മുന്നിൽ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള തെളിവുകൾ ശേഖരിച്ചതായി നിലവിലെ ഭരണകൂടം വ്യക്തമാക്കുന്നു.

## ചന്ദ്രയാൻ 3; മൂന്നാംഘട്ട ഭ്രമണപഥം താഴ്ത്തൽ വിജയം

ബെംഗളൂരു:ചന്ദ്രനോട് കൂടുതൽ അടുത്ത് ഇന്ത്യയുടെ അഭിമാന ദൗത്യം ചന്ദ്രയാൻ 3. പേടകത്തിന്റെ മൂന്നാംഘട്ട ഭ്രമണപഥം താഴ്ത്തൽ വിജയമെന്ന് ഐ എസ് ആർ ഒ അറിയിച്ചു. ചന്ദ്രനിൽനിന്ന് കുറഞ്ഞ അകലം 150 കിലോ മീറ്ററും കൂടിയ അകലം 177 കിലോ മീറ്ററും വരുന്ന ദീർഘവൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലാണ് പേടകമിപ്പോൾ. പ്രൊപ്പൽഷൻ മൊഡ്യൂളിലെ ലാം എഞ്ചിൻ ജ്വലിപ്പിച്ച് രാവിലെ 11.30നുശേഷമായിരുന്നു ഭ്രമണപഥം താഴ്ത്തിയത്. ബെംഗളുരുവിലെ ഐഎസ്ആർഒയുടെ വിദൂരനിയന്ത്രണ കേന്ദ്രമായ ടെലിമെട്രി, ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്വർക്കി (ഇസ്ട്രാക്ക്)ലെ മിഷൻ ഓപ്പറേഷൻസ് കോംപ്ലക്സി (മോക്സ്) ൽനിന്നാണ് ഈ പ്രക്രിയ നടത്തിയത്.




നാല് ഘട്ടമായി ഭ്രമണപഥം താഴ്ത്തുന്ന പ്രക്രിയയിൽ ഇനി ഒന്ന് കൂടിയാണ് അവശേഷിക്കുന്നത്. 16ന് രാവിലെ 8:30ഓടെയാണ് നാലാം ഘട്ട ഭ്രമണപഥം താഴ്ത്തൽ നടത്തുക. ഇതോടെ ചന്ദ്രനിൽനിന്ന് 100 കിലോ മീറ്റർ ഉയരത്തിലുള്ള വൃത്താകൃതിയിലുള്ള ഭ്രമണപഥത്തിൽ പേടകമെത്തും. 17ന് പ്രൊപ്പൽഷൻ മൊഡ്യൂളിൽനിന്ന് വേർപെടും. ഇതോടെ ലാൻഡർ ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ്ങിന് സജ്ജമാകും. ഓഗസ്റ്റ് 23ന് വൈകീട്ട് 5.40നാണ് സോഫ്റ്റ് ലാൻഡിങ് നിശ്ചയിച്ചിരിക്കുന്നത്. നിർണായകമായ സോഫ്റ്റ് ലാൻഡിങ് ഏത് പ്രതികൂല സാഹചര്യത്തിലും നടത്താൻ കഴിയുന്ന തരത്തിലാണ് ഐഎസ്ആർഒ ഇത്തവണ ദൗത്യമൊരുക്കിയിരിക്കുന്നത്. ഭൂമിയുടെ ആകർഷണത്തിൽനിന്ന് പുറത്തുകടന്ന ചന്ദ്രയാൻ3 പേടകം ഓഗസ്റ്റ് അഞ്ചിന് രാത്രിയാണ് ചാന്ദ്ര ഭ്രമണപഥത്തിലെത്തിയത്. ലൂണാർ ട്രാൻസ്ഫർ ട്രജക്റ്ററിയിലൂടെ സഞ്ചരിക്കുകയായിരുന്ന പേടകം ലൂണാർ ഓർബിറ്റ് ഇൻസേർഷനിലൂടെയാണ് ചാന്ദ്രഭ്രമണപഥത്തിൽ എത്തിച്ചത്. ഓ?ഗസ്റ്റ് ഒന്നിന് പുലർച്ചെ നടത്തിയ ട്രാൻസ് ലൂണാർ ഇൻജെക്ഷൻ വിജയകരമായി പൂർത്തിയായതോടെയാണ് പേടകം ഭൂമിയെ വലംവയ്ക്കുന്നത് അവസാനിപ്പിച്ച് ചാന്ദ്ര ഭ്രമണപഥം ലക്ഷ്യമാക്കി നീങ്ങിത്തുടങ്ങിയത്.ജൂലൈ 14ന് വിക്ഷേപിച്ച ചന്ദ്രയാൻ 3 പതിനേഴ് ദിവസം ഭൂമിയെ വലംവച്ച ശേഷമാണ് ഭൂമിയുടെ ഭ്രമണപഥം വിട്ട് ചാന്ദ്രഭ്രമണപഥത്തിലേക്ക് നീങ്ങിയത്. ഭൂമിക്ക് അടുത്തുള്ള പാർക്കിങ് ഓർബിറ്റിൽ വിക്ഷേപിച്ച പേടകത്തെ അഞ്ചുഘട്ടമായി ഉയർത്തി ഭൂമിയിൽനിന്ന് ദൂരെയുള്ള ഭ്രമണപഥത്തിലെത്തിക്കുകയായിരുന്നു. മൂന്നാം തവണയാണ് ഐഎസ്ആർഒ ചാന്ദ്ര ഭ്രമണപഥത്തിൽ പേടകത്തെ എത്തിക്കുന്നത്.

CNL MEDIA

# CHRISTIANLIVE DAILY

Vol. 2 Issue 192

14 Monday Pages 5 561

